## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4049** **24.06.2019-ൽ മറുപടിയ്ക്ക്**

### സൗജന്യ ലാപ് ടോപ് പദ്ധതി

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന പദ്ധതി പ്രകാരം കളമശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; ഏതെങ്കിലും അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകാത്ത സാഹചര്യം നിലവിലുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ലാപ്ടോപ്പ് ധനസഹായ പദ്ധതി സ്ഥാപന മേധാവികൾ മുഖേനയാണ് നടപ്പിലാക്കുന്നത്. അർഹരായ വിദ്യാർത്ഥികളുടെ പട്ടിക സ്ഥാപനമേധാവി ലഭ്യമാക്കുമ്പോൾ ആയത് പരിശോധിച്ച് തുക അനുവദിച്ച് നൽകുകയാണ് പട്ടികജാതി വികസന വകുപ്പ് ചെയ്തുവരുന്നത്. കളമശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 7 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 30 പട്ടികജാതി വിദ്യാർത്ഥികൾക്ക് 2018-19 വർഷം ലാപ്ടോപ്പ് ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ള അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം നൽകാത്ത സാഹചര്യം നിലവിലില്ല. |
| (ബി) | പദ്ധതി സംബന്ധിച്ച് കാര്യമായ അവബോധമില്ലാത്തതിനാലാണ് അർഹതപ്പെട്ട പല വിദ്യാർത്ഥികളും ഇതിനായി അപേക്ഷിക്കുന്നതിന് വിട്ടുപോയതെന്ന് കരുതുന്നുണ്ടോ; | (ബി) & (സി) | ഇല്ല. ലാപ്ടോപ്പ് ധനസഹായ പദ്ധതിയെ കുറിച്ച് ജില്ലയിലെ പ്രചാരമുള്ള പ്രമുഖ ദിനപത്രങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും പ്രചാരം നൽകാറുണ്ട്. കൂടാതെ എസ്.സി പ്രൊമോട്ടർമാർ മുഖേനയും ആവശ്യമായ പ്രചാരം നൽകി വരുന്നു. കൂടാതെ യഥാസമയം അർഹരായ വിദ്യാർത്ഥികളുടെ പട്ടിക ലഭ്യമാക്കുന്നതിന് സ്ഥാപനമേധാവിക്ക് നിർദ്ദേശം നൽകുന്നുമുണ്ട്. |
| (സി) | എങ്കിൽ പദ്ധതി സംബന്ധിച്ച് ആവശ്യമായ പ്രചാരണം നൽകി ഈ വിഭാഗത്തിലെ കുട്ടികൾക്ക് ഇതിനെക്കുറിച്ച് അവബോധമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**